**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4238** **09-08-2021 - ൽ മറുപടിയ്ക്ക്**

**എൽ.പി.എസ്.ടി. ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ വിവിധ സർക്കാർ സ്കൂളുകളിലായി എത്ര എൽ.പി.എസ്.ടി. ഒഴിവുകളുണ്ടെന്നും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും അറിയിക്കാമോ;വിശദ വിവരം ലഭ്യമാക്കാമോ; | (എ) | 35 ഒഴിവുകൾ നിലവിലുണ്ട്. അതിൽ നിയമാനുസൃതമായി 28 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| (ബി) | പ്രൈമറി സ്കൂളുകളിലെ പ്രഥമാദ്ധ്യാപക സ്ഥാനക്കയറ്റത്തിനായുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം അറിയിക്കാമോ; പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന എൽ.പി.എസ്.ടി. തസ്തികയിലെ അദ്ധ്യാപകരുടെ വിവരങ്ങൾ ജില്ലതിരിച്ച് ലഭ്യമാക്കാമോ; | (ബി) | 1. തിരുവനന്തപുരം - സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹൈസ്കൂൾ ടീച്ചർമാരും പി.ഡി ടീച്ചർമാരും ഉൾപ്പെട്ടിട്ടുണ്ട്. എൽ.പി.സ്കൂൾ ടീച്ചർമാരെ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. 2. കൊല്ലം - അന്തിമ സീനീയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. 3. പത്തനംതിട്ട -അന്തിമ സീനീയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. 4. ആലപ്പുഴ - സീനീയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹൈസ്കൂൾ ടീച്ചർമാരും പി.ഡി ടീച്ചർമാരും ഉൾപ്പെട്ടിട്ടുണ്ട്. എൽ.പി.സ്കൂൾ ടീച്ചർമാരെ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. 5. കോട്ടയം- സീനീയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹൈസ്കൂൾ ടീച്ചർമാരും പി.ഡി ടീച്ചർമാരും ഉൾപ്പെട്ടിട്ടുണ്ട്. എൽ.പി.സ്കൂൾ ടീച്ചർമാരെ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. 6. ഇടുക്കി - റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിൽ 14 എൽ.പി.സ്കൂൾ ടീച്ചർമാർ ഉൾപ്പെട്ടിട്ടുണ്ട്. 7. എറണാകുളം - സീനീയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.ഹൈസ്കൂൾ ടീച്ചർമാരും പി.ഡി. ടീച്ചർമാരും ഉൾപ്പെട്ടിട്ടുണ്ട്. എൽ.പി.സ്കൂൾ ടീച്ചർമാരെ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. 8. തൃശ്ശൂർ - സീനീയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.ഹൈസ്കൂൾ ടീച്ചർമാരും പി.ഡി. ടീച്ചർമാരും ഉൾപ്പെട്ടിട്ടുണ്ട്. എൽ.പി.സ്കൂൾ ടീച്ചർമാരെ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. 9. പാലക്കാട് - അന്തിമ സീനീയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. 10. മലപ്പുറം - അന്തിമ സീനീയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. 11. കോഴിക്കോട് - സീനീയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആയതിൽ 31 എൽ.പി.സ്കൂൾ ടീച്ചർമാർ ഉൾപ്പെട്ടിട്ടുണ്ട്. 12. വയനാട് - സീനീയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിൽ 23 എൽ.പി.സ്കൂൾ ടീച്ചർമാർ ഉൾപ്പെട്ടിട്ടുണ്ട്. 13. കണ്ണൂർ - സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹൈസ്കൂൾ ടീച്ചർമാരും പി.ഡി ടീച്ചർമാരും ഉൾപ്പെട്ടിട്ടുണ്ട്. എൽ.പി.സ്കൂൾ ടീച്ചർമാരെ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. 14. കാസർഗോഡ് - അന്തിമ സീനീയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലിസ്റ്റ് പ്രസിദ്ധീകരിച്ച ജില്ലകളുടെ സീനീയോറിറ്റി ലിസ്റ്റ് ശേഖരിച്ച് വരുന്നു. |
| (സി) | ആറ് മാസത്തിൽ കൂടുതലായി ശൂന്യവേതനാവധിയിൽ ഉൾപ്പെട്ടിട്ടുള്ള അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം അറിയിക്കാമോ? | (സി) | ഇത്തരത്തിൽ നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ